(സി) ഉണ്ട്. പട്ടികവർഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചില ഹോസ്റ്റലുകളിൽ സ്ഥല പരിമിതിമൂലം കുട്ടികൾക്ക് കിടക്കുവാനും പഠിക്കുവാനും ഉള്ള അസൗകര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ക്രയവിക്രയാടിസ്ഥാനത്തിൽ ആദിവാസികൾക്ക് അരി നൽകുവാൻ പരിപാടി

*17 [47] ശ്രീ. ഡി. സുഗതൻ:
„ കെ. സി. ജോസഫ്:
„ ജോർജ് ജെ. മാത്യു:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രയവിക്രയാടിസ്ഥാനത്തിൽ ആദിവാസികൾക്ക് അരി നൽകുവാൻ പരിപാടിയുണ്ടോ;

(ബി) ആദിവാസികൾ ശേഖരിക്കുന്ന എന്തെല്ലാം വിഭവങ്ങൾ ആണ് അരിക്ക് പകരമായി സ്വീകരിക്കുന്നത്;

(സി) ഇതിലൂടെ ആദിവാസികളെ കബളിപ്പിക്കാതിരിക്കുവാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) ഉണ്ട്.

(ബി) ആദിവാസികൾ ശേഖരിയ്ക്കുന്ന തടി ഒഴിച്ചുള്ള വനവിഭവങ്ങളായ തേൻ, സുഗന്ധദ്രവ്യങ്ങൾ മുതലായവ ഭക്ഷ്യധാന്യത്തിന് പകരമായി സ്വീകരിക്കുന്നു.

(സി) ആദിവാസികൾക്ക് മാത്രമേ ടി ധാന്യബാങ്കുകൾ വഴി ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തുന്നുള്ളൂ. സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന ഫെഡറേഷൻ മുഖേന കഴിഞ്ഞവർഷം പദ്ധതി നടപ്പിലാക്കിയിരുന്നു. ആദിവാസികളുടെ തന്നെ സ്വാശ്രയ സംഘങ്ങൾ വഴി കൂടുതൽ സ്ഥലങ്ങളിൽ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

മലയാറ്റൂർ കുരിശുമുടി തീർത്ഥാടന കേന്ദ്രം

*18 [48] ശ്രീ. ലൂഡി ലൂയിസ്:
„ ടി. എൻ. പ്രതാപൻ:
„ എ. പി. അനിൽകുമാർ:
„ വർക്കല കഹാർ:
„ എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാറ്റൂർ കുരിശുമുടി അന്തർദേശീയ തീർത്ഥാടന കേന്ദ്രമായി മാർപ്പാപ്പ പ്രഖ്യാപിച്ച കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly